DESPATCHED
On...81.6.2020.
26/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.3052(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.18159/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഉലഹന്നാൻ ജോൺ,
മാടശ്ശേരിയിൽ വീട്,
കലവൂർ പി.ഒ.,
ആലപ്പുഴ ജില്ല – 688 522.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ്,
കാട്ടൂർ പി.ഒ., കലവൂർ,
ആലപ്പുഴ – 688 546.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.08.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.09.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.10.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 27.11.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 27.11.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് 25.08.15ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും, പിന്നീട് 28.09.15ൽ രണ്ടാം എതിർകക്ഷിക്കു നൽകിയ അപ്പീലിന്മേൽ 17.10.15ൽ ഉണ്ടായ ഉത്തരവുപ്രകാരം 10 ദിവസത്തിനകം രേഖകൾ ലഭ്യമാക്കണമെന്ന് ഉത്തരവുണ്ടായിട്ടും നടപ്പാക്കിയില്ല എന്ന് ആരോപിച്ചാണ് 27.11.15ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 28.12.15ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ പറയുന്നത് ഇപ്രകാരമാണ്.

3. ഒന്നാം ചോദ്യത്തിന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ കലവൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന വളവനാട്-കൊച്ചുപള്ളി-പ്രീതികുളങ്ങര റോഡ് സാമൂഹ്യവിരുദ്ധർ കൈയ്യേറി നിയമവിരുദ്ധമായി റോഡിനു കുറുകെ കുഴിയുണ്ടാക്കിയതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് നൽകുന്നതിനായി മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിലേക്ക് കത്ത് നൽകിയിട്ടുണ്ട്. രണ്ടാം ചോദ്യത്തിന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചെങ്കിലും കണ്ടെത്താനായില്ല. മൂന്നാം ചോദ്യത്തിന് ബഹു. ഹൈക്കോടതിയുടെ OP No. 18895/01, 36062/1 എന്നീ കേസുകളിൽ 31.01.2002ലുണ്ടായ ഉത്തരവുകളുടെ അടയാള സഹിതം പകർപ്പ് ഹാജരാക്കുന്നു. നാലാം ചോദ്യത്തിന് ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.03.2011ലെ C. 3/1017/12 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭിക്കാൻ ആലപ്പുഴ DDP ഓഫീസിലേക്ക് അപേക്ഷ കൊടുക്കാൻ അപേക്ഷകനോട് നിർദ്ദേശിച്ചിട്ടുണ്ട് എന്നിങ്ങനെയാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

4. ഇതിനുശേഷം കമ്മീഷൻ 27.07.19ൽ ആലപ്പുഴ ജില്ലാ പ്ലാനിങ് ഓഫീസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിങ്ങിൽ പങ്കെടുത്തു.

5. തന്റെ ചോദ്യങ്ങൾക്ക് ഒന്നാം എതിർകക്ഷി പൂർണവും കൃത്യവുമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു.

6. ഒന്നാം എതിർകക്ഷി രേഖാമൂലം കമ്മീഷന് മൊഴി നൽകി. ഇതിൽ പറയുന്നത് അപേക്ഷകന് വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും, രേഖകളുടെ പകർപ്പ് കൈപ്പറ്റുന്നതിന് 23.09.15ൽ SW 11163/15 പ്രകാരം മറുപടി നൽകിയിട്ടും ടിയാൻ രേഖകളുടെ പകർപ്പ് കൈപ്പറ്റാൻ വന്നില്ലെന്നും, അപ്പലേറ്റ് അതോറിറ്റി ആവശ്യപ്പെട്ടതു പ്രകാരം 21/12/15ൽ SW 11163/15 കത്ത് മുഖേന രേഖകൾ കൈപ്പറ്റിയിട്ടില്ല എന്നുള്ള വിവരം ബോധിപ്പിച്ചിട്ടുണ്ട് എന്നും, അപ്പലേറ്റ് അതോറിറ്റി ടിയാന്റെ പരാതി തീർപ്പാക്കിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറഞ്ഞു.

7. ഇതെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. ഒന്നാം എതിർകക്ഷി നൽകിയതായി പറയുന്ന രേഖകളും വിവരങ്ങളും അപ്പീൽ ഹർജിക്കാരന് ഉത്തരവു കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ നൽകേണ്ടതാണ്. ഇതിനൊപ്പം വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പു പ്രകാരം അപേക്ഷ മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ, ആലപ്പുഴ

DDP ഓഫീസ് എന്നിവിടങ്ങളിലേക്ക് കൈമാറാതിരുന്നതിനുള്ള വിശദീകരണവും മേൽപറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

8. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 26–ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM